"ഭരണഭാഷ – മാതൃഭാഷ"

**വളരെ അടിയന്തിരം**

## വ്യാവസായിക പരിശീലന വകുപ്പ്
## (കേരള സംസ്ഥാനം)

നമ്പർ: ജി1/8700/17

തൊഴിൽ ഭവൻ, തിരുവനന്തപുരം
തീയതി: 11.07.2017

### ചുറ്ററിയിപ്പ്

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- ട്രെയിനിംഗ് ഡയറക്ടറേറ്റ്- പരീക്ഷാ വിഭാഗം- എം.ഐ.എസ് പോർട്ടലിൽ നിന്നും ലഭിയ്ക്കുന്ന ഹാൾടിക്കറ്റുകൾ വിതരണം ചെയ്യുന്നതിനുള്ള പൊതു നിർദ്ദേശങ്ങൾ -സംബന്ധിച്ച്.

----------

2014 ആഗസ്റ്റ് അഡ്മിഷൻ മുതൽ സെമസ്റ്റർ സമ്പ്രദായത്തിലുള്ള ട്രെയിനികൾ എൻ.സി.വി.ടി എം.ഐ.എസ് പോർട്ടൽ മുഖേന രജിസ്റ്റർ ചെയ്താണ് പരീക്ഷ എഴുതുന്നത്. റഗുലർ ആയി (Sem II, Sem IV) പരീക്ഷ എഴുതുന്ന ട്രെയിനികളുടെ ഹാജർ വിവരം (Q1 & Q2) സെഷണൽ മാർക്ക് ~~(Q1~~ & Q2) ഫീസ് ഒടുക്കിയ വിവരം എന്നിവ പോർട്ടലിൽ രേഖപ്പെടുത്തുന്നതിന്റെ പൂർണ്ണമായ ഉത്തരവാദിത്തം ഐ.ടി.ഐ പ്രിൻസിപ്പാൾമാരിൽ നിക്ഷിപ്തമാണ്. ഇത് യഥാസമയം രേഖപ്പെടുത്തുകയും ഹാൾടിക്കറ്റ് ലഭിക്കുന്നതിനുള്ള യോഗ്യതാ മാനദണ്ഡങ്ങൾ (സെഷണൽ മാർക്ക് 40%, ഹാജർ രണ്ട് ക്വാർട്ടറിലും കൂടി 80%) പാലിക്കുകയും ചെയ്യുന്ന ട്രെയിനികൾക്ക് മാത്രമെ ഹാൾടിക്കറ്റ് പോർട്ടലിൽ നിന്നും ലഭ്യമാവുകയുള്ളൂ. ഇത് പോർട്ടലിൽ നിന്നും ലഭ്യമാകുന്ന ഹാൾടിക്കറ്റ് എലിജിബിലിറ്റി റിപ്പോർട്ട് പരിശോധിച്ച് മനസ്സിലാക്കാവുന്നതാണ്.

സപ്ലിമെന്ററി ട്രെയിനികളുടെ കാര്യത്തിൽ ഫീസ് ഒടുക്കിയ വിവരം മാത്രമാണ് പോർട്ടലിൽ രേഖപ്പെടുത്തേണ്ടത്. സപ്ലിമെന്ററി ട്രെയിനികളുടെ എലിജിബിലിറ്റി റിപ്പോർട്ടും പരിശോധിച്ച് ഹാൾടിക്കറ്റിനുള്ള യോഗ്യത ഉറപ്പ് വരുത്തേണ്ടതാണ്.

ഹാൾടിക്കറ്റ് ജനറേറ്റ് ചെയ്യുന്നത് ഡി.ജി.റ്റി യാണ്. അതാത് ഐ.ടി.ഐ കൾ ബന്ധപ്പെട്ട പരിശീലനാർത്ഥികളുടെ ഹാൾടിക്കറ്റ് പ്രിന്റ് എടുത്ത് മേലൊപ്പ് ചാർത്തി നൽകേണ്ടതാണ്. സ്വകാര്യ ഐ.ടി.ഐകളുടെ കാര്യത്തിൽ ഹാൾടിക്കറ്റുകൾ ബന്ധപ്പെട്ട നോഡൽ ഐ.ടി.ഐ/ആർ.ഐ.സി യിൽ എത്തിച്ച് മേലൊപ്പ് ചാർത്തിയാണ് വിതരണം ചെയ്യേണ്ടത്.

നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാർ ബന്ധപ്പെട്ട ഐ.ടി.ഐ കളിൽ നിന്ന് ലഭ്യമായ അപേക്ഷകളുമായി ഹാൾടിക്കറ്റ് ഒത്തുനോക്കി എം.ഐ.എസ്, ഐ.റ്റി.ഡി എന്നീ പോർട്ടലുകളിൽ ഇവരുടെ പേര് ഉൾപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പ് വരുത്തി മാത്രം മേലൊപ്പ് ചാർത്തി വിതരണം ചെയ്യേണ്ടതാണ്.

സർക്കാർ ഐ.ടി.ഐ കളിലെ പ്രിൻസിപ്പാൾമാരും തങ്ങളുടെ ഐ.ടി.ഐ കളിലെ ട്രെയിനികളുടെ ഹാൾടിക്കറ്റ് വിതരണം ചെയ്യുന്നതിന് മുൻപ് അപേക്ഷകളും എം.ഐ.എസ്, ഐ.റ്റി.ഡി പോർട്ടലുകളിലെ രേഖപ്പെടുത്തലും പരിശോധിച്ച് ഉറപ്പുവരുത്തി വിതരണം നടത്തേണ്ടതാണ്.

ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി

എല്ലാ സർക്കാർ/പ്രൈവറ്റ് ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും
ആർ.ഐ.സെന്റർ ട്രെയിനിംഗ് ഓഫീസർമാർക്കും

എസ്സ്/11.07